വിൽപ്പന നികുതി

124(2113) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം നികുതിയിനത്തിൽ പ്രതീക്ഷിച്ചതിനേക്കാൾ എത്ര രൂപയുടെ കുറവാണ് ഉണ്ടായത് ;

(ബി) സ്വർണ്ണം, റബ്ബർ, വാഹനം എന്നീ ഇനങ്ങളിലെ നികുതി വരുമാനത്തിൽ കാര്യമായ കുറവുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(സി) ചെറുകിട വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവർ ബിൽ നൽകാത്തതുമൂലമുള്ള നികുതി ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) വ്യാപാര സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്ന എല്ലാ സാധനങ്ങൾക്കും ബിൽ നിർബന്ധമാക്കുവാനും ബിൽ നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാനും നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) വാണിജ്യ നികുതിയിനത്തിൽ 1288.63 കോടി രൂപയുടെയും എക്സൈസ് വരുമാനത്തിൽ 1430.29 കോടി രൂപയുടെയും മോട്ടോർ വാഹന നികുതിയിനത്തിൽ 436.06 കോടി രൂപയുടെയും കുറവുണ്ടായി.

(ബി) സ്വർണ്ണം, റബ്ബർ, വാഹനം എന്നിവയിലെ നികുതി വരുമാനത്തിൽ കുറവുണ്ടായ സാഹചര്യം ചുവടെ ചേർക്കുന്നു :

സ്വർണ്ണം

സ്വർണ്ണത്തിന്റെ നികുതി പിരിവ് പ്രധാനമായും കോമ്പൗണ്ടഡ് ഡീലർമാരിൽ നിന്നാണ്. കഴിഞ്ഞ സാമ്പത്തികവർഷം കോമ്പൗണ്ടിംഗ് നിരക്ക് 125 ശതമാനത്തിൽ നിന്നും 115 ശതമാനമായി കുറച്ചു. അതിന് 2013-14 സാമ്പത്തിക വർഷം അടച്ച നികുതി കഴിഞ്ഞ സാമ്പത്തിക വർഷത്തെ നികുതിയിൽനിന്ന് കുറച്ച് ബാക്കിയാണ് അടച്ചിരിക്കുന്നത്.

31-3-2015-ലെ കണക്കനുസരിച്ച് ഈ ഇനത്തിൽ 4 ശതമാനം കുറവ് സംഭവിച്ചിട്ടുണ്ട്.

റബ്ബർ

റബ്ബറിന്റെ വില മുൻവർഷത്തെ 240 രൂപയിൽ (കിലോഗ്രാമിന്) നിന്നും 120 രൂപ (കിലോഗ്രാമിന്)യായി കുറഞ്ഞു. റബ്ബറിന്റെ വിലയിൽ വരുന്ന കുറവ് ജനങ്ങളുടെ വാങ്ങലിനെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലമായി ബാധിക്കും. ഇത് നികുതി വരുമാനത്തെയും ബാധിച്ചിട്ടുണ്ട്. 31-3-2015 വരെയുള്ള കണക്കനുസരിച്ച് റബ്ബറിൽനിന്നുള്ള വരുമാനത്തിൽ 40 ശതമാനം കുറവുണ്ടായിട്ടുണ്ട്. കൂടാതെ റബ്ബറിനെ 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടായിരുന്നു.

വാഹനം

മോട്ടോർ വാഹനങ്ങളിൽനിന്നുള്ള നികുതി സംസ്ഥാനത്തിന്റെ വാറ്റ് നികുതി പിരിവിന്റെ 18 ശതമാനത്തോളം വരും. പ്രസ്തുത ഇനത്തിലും ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. വാഹനങ്ങളുടെ വില്പനയിലുണ്ടായ കുറവാണ് ഇതിനുള്ളകാരണം. മുൻവർഷങ്ങളിൽ 23 ശതമാനത്തോളം വളർച്ചാനിരക്ക് രേഖപ്പെടുത്തിയ സ്ഥാനത്ത് കഴിഞ്ഞവർഷം 31-3-2015 വരെ ഒരു ശതമാനം കുറവാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

(സി) ചെറുകിട വ്യാപാരസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവർ ബിൽ നൽകാത്തതുമൂലമുള്ള നികുതി ചോർച്ച തടയുന്നതിന് വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ടെസ്റ്റ് പർച്ചേസ് നടത്തുന്നുണ്ട്. കൂടാതെ ബിൽ നൽകുന്നുണ്ടോയെന്ന് വെരിഫിക്കേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. കട പരിശോധന, ഓഡിറ്റ് വിസിറ്റ് എന്നിവയും നടത്തുന്നുണ്ട്.

(ഡി) വ്യാപാരസ്ഥാപനങ്ങളിൽനിന്നും വാങ്ങുന്ന എല്ലാ സാധനങ്ങൾക്കും ബിൽ നിർബന്ധമാക്കുവാനും ബിൽ നൽകാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുവാനും ഇപ്പോൾത്തന്നെ നിയമത്തിൽ വ്യവസ്ഥയുണ്ട്. അതനുസരിച്ച് ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുകയും ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സ്വർണ്ണവ്യാപാര മേഖലയിൽനിന്നുള്ള നികുതി

125(2114) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വർണ്ണ വ്യാപാര മേഖലയിൽ പ്രതിവർഷം എത്ര ടൺ സ്വർണ്ണം വിൽക്കപ്പെടുന്നു എന്നുള്ള കണക്കുകൾ ലഭ്യമാക്കുമോ ; വിശദമാക്കുമോ ;

(ബി) ആയതിൻ പ്രകാരം ചുമത്തപ്പെട്ടിട്ടുള്ള നികുതി എത്രയെന്നും ഇതിൽ സർക്കാരിന് ലഭിക്കേണ്ട നികുതി തുക എത്രയാണെന്നും കഴിഞ്ഞ സാമ്പത്തികവർഷം ഈ ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇതിൽ കുറവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതിന്റെ കാരണം വ്യക്തമാക്കുമോ ; കഴിഞ്ഞ സാമ്പത്തിക വർഷം സ്വർണ വ്യാപാരികൾക്ക് ഏതെല്ലാം ഇനത്തിലുള്ള നികുതി ഇളവുകളാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ ; ആയതിൻ

LIBRARY ARCHIVES Kerala Legislative Assembly